Published on 04-06-2018

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 144

# 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 144

# 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

932/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 144

# 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

## 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് (1950-ലെ XV-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ഉം, 3-ഉം, 7-ഉം വകുപ്പുകൾ 2017 നവംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ഈ ആക്റ്റിലെ ശേഷിക്കുന്ന വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 10-ാം വകുപ്പിന്റെ ഭേദഗതി.—1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ (1950-ലെ XV-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 10-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "മൂന്ന് വർഷക്കാലത്തിലേക്ക്" എന്ന വാക്കുകൾക്കു പകരം "രണ്ട് വർഷക്കാലത്തിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 12-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.— പ്രധാന ആക്റ്റിൽ, 12-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

932/2018.

"12. പ്രസിഡന്റിനും അംഗങ്ങൾക്കുമുള്ള ഓണറേറിയം.—ബോർഡിലെ പ്രസിഡന്റിനും അംഗങ്ങൾക്കും പ്രതിമാസം, സർക്കാർ കാലാകാലങ്ങളിൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന പ്രകാരമുള്ള ഓണറേറിയവും സിറ്റിംഗ് ഫീസും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

4. 13ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ 13എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"13ബി. കമ്മീഷണറുടെ നിയമനം.—സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്തതും ഹിന്ദുവായതുമായ ഒരു ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കാവുന്നതാണ്.".

5. 29-ാം വകുപ്പിന്റെ ഭേദഗതി—പ്രധാന ആക്റ്റിന്റെ 29-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ദേവസ്വം വകുപ്പ് ബോർഡിന്റെ മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കുന്നതും, ദേവസ്വം കമ്മീഷണറുടെ കീഴിൽ ആയിരിക്കുന്നതുമാണ്.".

6. 70-ാം വകുപ്പിന്റെ ഭേദഗതി—പ്രധാന ആക്റ്റിന്റെ 70-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്ന് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾക്കു പകരം "രണ്ട് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 71-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 71-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ബോർഡിന്റെ പ്രസിഡന്റിനും അംഗങ്ങൾക്കും പ്രതിമാസം, സർക്കാർ കാലാകാലങ്ങളിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന പ്രകാരമുള്ള ഓണറേറിയവും സിറ്റിംഗ് ഫീസും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

8. 74എ. വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 74എ വകുപ്പ് (1)-ാം ഉപവകുപ്പിൽ "ബോർഡ് ഒരു ദേവസ്വം കമ്മീഷണറെ നിയമിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്തതും ഹിന്ദുവായതുമായ ഒരു ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 28) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിന്റെ 10-ാം വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിന്റെ 12-ാം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്രസിഡന്റിനും അംഗങ്ങൾക്കുമുള്ള ഓണറേറിയം സംബന്ധിച്ചും പ്രസ്തുത ആക്റ്റിന്റെ 71-ാം വകുപ്പ് കൊച്ചി ദേവസ്വം ബോർഡിലെ പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയം സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നു.

2. പ്രസ്തുത ആക്റ്റിന്റെ 10-ാം വകുപ്പ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷമായിരിക്കുന്നതാണ്. അംഗങ്ങളുടെ ഔദ്യോഗിക കാലാവധി രണ്ട് വർഷമാക്കി കുറയ്ക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ആക്റ്റിന്റെ 12-ാം വകുപ്പു പ്രകാരം, ബോർഡ് തീരുമാനിക്കുന്ന പ്രകാരം, പ്രസിഡന്റിന് പ്രതിമാസം അയ്യായിരം രൂപയും അംഗങ്ങൾക്ക് പ്രതിമാസം മൂവായിരത്തി അഞ്ഞൂറ് രൂപയും, എന്ന ഉയർന്ന പരിധിക്ക് വിധേയമായി, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റിനും മറ്റ് രണ്ട് അംഗങ്ങൾക്കും ഓണറേറിയം ലഭിക്കുന്നതാണ്. പ്രസ്തുത ആക്റ്റിന്റെ 71-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം, പ്രസിഡന്റിന് പ്രതിമാസം അയ്യായിരം രൂപയും അംഗങ്ങളിൽ ഓരോരുത്തർക്കും പ്രതിമാസം മൂവായിരത്തി അഞ്ഞൂറ് രൂപാ വീതവും, ദേവസ്വം ഫണ്ടിൽ നിന്നും കൊച്ചി ദേവസ്വം ബോർഡ് പ്രസിഡന്റിനും മറ്റ് രണ്ട് അംഗങ്ങൾക്കും ഓണറേറിയം ലഭിക്കുന്നതാണ്.

3. കൊച്ചി ദേവസ്വം ബോർഡിലെയും തിരുവിതാംകൂർ ദേവസ്വം ബോർഡിലെയും പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയം പുതുക്കുവാൻ സർക്കാർ തീരുമാനിക്കുകയും, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള ഓണറേറിയവും സിറ്റിംഗ് ഫീസും ലഭിക്കുവാൻ, തിരുവിതാംകൂർ, കൊച്ചി ദേവസ്വം

ബോർഡുകളിലെ പ്രസിഡന്റിനും അംഗങ്ങൾക്കും അർഹതയുണ്ടായിരിക്കുമെന്നുകൂടി ചേർത്തുകൊണ്ട് പ്രസ്തുത ആക്റ്റിന് ഭേദഗതി വരുത്തുവാനും സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിന് അനുയോജ്യമായ ഭേദഗതികൾ കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2017-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2017 നവംബർ 14-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 23-ാം നമ്പർ ഓർഡിനൻസായി 2017 നവംബർ 14-ാം തീയതിയിലെ 2479-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ സംസ്ഥാന നിയമസഭയുടെ 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഫെബ്രുവരി 12-ാം തീയതിയിലെ 345-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 10-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനും ആക്റ്റിൽ മറ്റ് ചില ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടും ഉള്ള ഒരു ബിൽ പതിനാലാം കേരള സംസ്ഥാന നിയമസഭയുടെ 121-ാം നമ്പർ ബിൽ ആയി പ്രസിദ്ധീകരിച്ചുവെങ്കിലും 2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച് 2018 ഏപ്രിൽ 4-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2018 ഏപ്രിൽ 7-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഏപ്രിൽ 7-ാം തീയതിയിലെ 916-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 28-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെയും കൊച്ചി ദേവസ്വം ബോർഡിലെയും ദേവസ്വം കമ്മീഷണർമാരുടെ നിയമനത്തിനുള്ള യോഗ്യത വ്യവസ്ഥ ചെയ്യുന്നതിനും, കൊച്ചി ദേവസ്വം ബോർഡിന്റെ കാലാവധി രണ്ട് വർഷമായി കുറയ്ക്കുന്നതിനും വേണ്ടി മറ്റു ചില ഭേദഗതികൾ കൂടി പ്രസ്തുത ആക്റ്റിൽ വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

10. 2018-ലെ 28-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനും മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 12-ാം വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയവും സിറ്റിംഗ് ഫീസും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം മുഖേന നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 71-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, കൊച്ചി ദേവസ്വം ബോർഡിലെ പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയവും സിറ്റിംഗ് ഫീസും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളോ വിജ്ഞാപനങ്ങളോ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കടകംപള്ളി സുരേന്ദ്രൻ.

(ശരിത്തർജ്ജമ)

# 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1950-ലെ XV-ാം ആക്റ്റ്)

** ** ** **

10. ബോർഡിന്റെ കാലാവധി.—ബോർഡിലെ, ഓരോ അംഗത്തിനും, അതതു സംഗതി പോലെ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടതോ ആയ തീയതി മുതൽ മൂന്ന് വർഷക്കാലത്തിലേക്ക് ഔദ്യോഗിക പദവി വഹിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്:

** ** ** **

12. പ്രസിഡന്റിനും മെമ്പർമാർക്കുമുള്ള ഓണറേറിയം.—ബോർഡ് തീരുമാനിക്കുന്ന പ്രകാരം അംഗങ്ങളിൽ ഓരോരുത്തർക്കും പ്രതിമാസം 3,500 രൂപാ വീതവും പ്രസിഡന്റിന് പ്രതിമാസം 5,000 രൂപയും എന്ന ഉയർന്ന പരിധിക്ക് വിധേയമായി, പ്രസിഡന്റിനും മറ്റ് രണ്ടംഗങ്ങൾക്കും ഓണറേറിയം കൈപ്പറ്റാവുന്നതാണ്.

** ** ** **

13. എ. ചീഫ് കമ്മീഷണറുടെ നിയമനം.—ബോർഡിലെ എല്ലാ അംഗങ്ങളും അപ്രകാരമുള്ള അംഗങ്ങളല്ലാതായിത്തീരുന്ന സാഹചര്യത്തിൽ സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്തതും ഹിന്ദുവായതുമായ ഒരു ഉദ്യോഗസ്ഥനെ പുതിയ അംഗങ്ങൾ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്നതുവരെ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുംവേണ്ടി ചീഫ് കമ്മീഷണറായി നിയമിക്കാവുന്നതാണ്.

** ** ** **

29. ദേവസ്വം വകുപ്പിന്മേലുള്ള ബോർഡിന്റെ നിയന്ത്രണം.—(1) 1097-ൽ രൂപീകരിച്ച ദേവസ്വം വകുപ്പ് തുടരുന്നതും, കാലാകാലങ്ങളിൽ ബോർഡ് തീരുമാനിക്കുന്ന അത്തരത്തിലുള്ള എണ്ണം ഹിന്ദു ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും അടങ്ങിയിരിക്കുന്നതുമാണ്.

(2) ദേവസ്വം വകുപ്പ് ബോർഡിന്റെ മേൽനോട്ടത്തിനും, നിർദ്ദേശങ്ങൾക്കും, നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കുന്നതും ബോർഡ് നിയമിക്കുന്ന ദേവസ്വം കമ്മീഷണറുടെ കീഴിൽ ആയിരിക്കുന്നതും അദ്ദേഹം ഒരു ഹിന്ദുവായിരിക്കേണ്ടതുമാണ്.

** ** ** **

70. <u>ബോർഡിന്റെ കാലാവധി.</u>—ബോർഡിലെ ഓരോ അംഗത്തിനും അതുമ്പ സംഗതിപോലെ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടതോ ആയ തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഔദ്യോഗിക പദവി വഹിക്കാനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.

** ** ** **

71. <u>ബോർഡിലെ പ്രസിഡന്റും പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയവും.</u>—(1) മന്ത്രിസഭയിലെ അംഗങ്ങളിൽ ഹിന്ദുക്കളായിട്ടുള്ളവർ ബോർഡ് അംഗങ്ങളിൽ നിന്നും ഒരാളെ അതിന്റെ പ്രസിഡന്റായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) ബോർഡിന്റെ പ്രസിഡന്റ് പ്രതിമാസം 5,000 രൂപ ഓണറേറിയവും മറ്റ് രണ്ട് അംഗങ്ങൾ ഒരോരുത്തരും പ്രതിമാസം 3,500 രൂപ വീതവും ഓണറേറിയം ദേവസ്വം ഫണ്ടിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

** ** ** **

74. <u>എ ദേവസ്വം കമ്മീഷണറുടെ നിയമനം.</u>—(1) ബോർഡിനു കീഴിൽ ഏകാംഗീകൃതമാക്കിയതോ ഏകാംഗീകൃതമാക്കാത്തതോ ആയ ദേവസ്വങ്ങളുടെയും ഹിന്ദു മതസ്ഥാപനങ്ങളുടെയും ഭരണനിർവ്വഹണത്തിനായി ബോർഡ് ഒരു ദേവസ്വം കമ്മീഷണറെ നിയമിക്കേണ്ടതാണ്.

** ** ** **